## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6495 — 01.11.2011-ൽ മറുപടിക്ക്

### ആശാ വർക്കേഴ്സിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി.സതീശൻ :<br>,, സി.പി.മുഹമ്മദ് :<br>,, എ.പി.അബ്ദുള്ളക്കുട്ടി :<br>,, കെ.അച്ചുതൻ : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) ആശാ വർക്കേഴ്സിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) കേരളത്തിൽ ആശാപദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു. കേരളത്തിൽ 31549 ആശാ പ്രവർത്തകർ പ്രവർത്തിച്ചുവരുന്നു. ആശാപ്രവർത്തകരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തുടർച്ചയായുള്ള (5 മൊഡ്യൂൾ) പരിശീലനങ്ങൾ നൽകിവരുന്നുണ്ട്.അവരുടെ പ്രവർത്തനങ്ങൾക്കനുസരിച്ചുള്ള ഇൻസെന്റീവുകളും നൽകുന്നു. ഈ ഇൻസെന്റീവുകൾ കൃത്യമായി അതതുമാസം ലഭിക്കുന്നതിനായി ഒരു ആശാ സോഫ്റ്റ്‌വെയർ പൈലറ്റടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ മൂന്നു മാസമായി നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴിയുള്ള സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിനായുള്ള ചർച്ചകൾ നടന്നുവരുന്നു. ഇത് മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും കൈക്കൊണ്ടു വരുന്നു. |
| (ബി) ഇവരുടെ വേതനം വളരെ തുച്ഛമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇവ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) ആശാപ്രവർത്തകർക്ക് മാസഅലവൻസ് മെച്ചപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ